ഹരിജനക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിൽ തുടങ്ങാനുദ്ദേശി ക്കുന്ന പ്രസിദ്ധീകരണം

* 631 [688] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി സദയം മറുപടിനൽകുമോ:

(എ) ഹരിജനക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു പ്രസി ദ്ധീകരണം തുടങ്ങുന്നതിനെക്കുറിച്ച് ആലോചനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേലുള്ള നടപടികൾ എന്തുവരെയായി എന്ന് വിശദീകരിക്കുമോ?*

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഉണ്ട്.

(ബി) പ്രാരംഭനടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. കല്ലട നാരായണൻ: നമ്മുടെ സംസ്ഥാനത്ത് പല വകുപ്പു കളുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും പ്രസിദ്ധീകരണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ ഹരിജനക്ഷേമവകുപ്പി ന്റെയും ഗിരിജനക്ഷേമവകുപ്പിന്റെയും പ്രവർത്തനങ്ങൾക്ക് കൂടുതൽ അറിയാൻ കഴിയത്തക്കവിധത്തിൽ ഈ പ്രസിദ്ധീകരണം അടുത്തവർഷം മുതൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് ആവശ്യമാണെന്നു ഗവൺമെന്റിനു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കല്ലട നാരായണൻ: നടപടി സ്വീകരിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ എന്തു നടപടിയാണ്; അതിന്റെ പേര് എന്താണ്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇതിന്റെ ടൈറ്റിൽ നിശ്ചയി ക്കുന്നത് ഗവൺമെന്റാണ്. അതിനും ആവശ്യമായ നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്ബ്: നമ്മുടെ സംസ്ഥാനത്തു വിവിധ ഡിപ്പാർട്ടുമെന്റുകൾ നടത്തുന്ന പ്രസിദ്ധീകരണങ്ങൾ കാര്യക്ഷമമല്ലെന്ന് പരാതി ഉണ്ടായിട്ടുള്ളതുകൊണ്ട് വേറൊരു പ്രസിദ്ധീകരണംകൂടി ഉണ്ടാക്കി അതിന്റെ ബാദ്ധ്യതകൂടി ഏറെടുക്കുന്ന പ്രവണത അവസാനിപ്പിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതാതു ഡിപ്പാർട്ടുമെന്റു നടത്തുന്ന പ്രസിദ്ധീകരണങ്ങളുടെ കാര്യം അതാതു ഡിപ്പാർട്ടുമെന്റുതന്നെ പറയേണ്ട താണ്. ഇതിന്റെ ടൈറ്റിൽ നിശ്ചയിച്ചിട്ടില്ല. അതു നിശ്ചയിച്ചു കഴിഞ്ഞാൽ ആരംഭിക്കുന്നതും അതിന്റെ സന്ദേശം എല്ലാ തലങ്ങളിലും എത്തിക്കാൻ ശ്രമിക്കുന്നതും ആയിരിക്കും.

കള്ളിന്റെ ഉൽപ്പാദനവും ഉപയോഗവും

* 632 [689] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു വർഷത്തിൽ ഉൽപ്പാദിപ്പിക്കുന്ന കള്ളെത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കള്ള് കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ടോ;

(സി) കള്ള് ഒരു ദേശീയ പാനീയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഏകദേശം 16 കോടി 66 ലക്ഷം ലിറ്റർ.

(ബി) കള്ള് കേടുകൂടാതെ സൂക്ഷിക്കുന്നതു സംബന്ധിച്ച് ഇൻഡസ്ട്രിയൽ ടെസ്റ്റിംഗ് റിസർച്ച് ലാബറട്ടറി കണ്ടുപിടിച്ച ഒരു പ്രക്രിയയുടെ പ്രവർത്തനക്ഷമത പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ ഒരു നാലംഗകമ്മിറ്റിയെ ഗവൺമെൻറ് നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ അന്തിമമായ റിപ്പോർട്ട് ഇതുവരെ കിട്ടിയിട്ടില്ല.

(സി) ഇല്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: ഒരുകൊല്ലം കുടിച്ചു തീർക്കുന്ന കള്ളിന്റെ അളവ് എത്രയാണെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പാത്രത്തിൽ കിട്ടിയതു മുഴുവൻ കുടിച്ചുതാണോയെന്ന് അറിഞ്ഞാൽ ഉത്തരം പറയാൻ ബുദ്ധിമുട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നമ്മുടെ കേരളത്തിൽ വരുന്ന വിദേശ ടൂറിസ്റ്റുകൾക്ക് ഇഷ്ടപ്പെട്ട പാനീയമാണ് കള്ള് എന്ന് കോവളത്തെ അനുഭവത്തിൽനിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതുകൊണ്ട് ഇൻഡ്യയിലെ എല്ലാ എയർപോർട്ടുകളിലും കേടുകൂടാതെ കള്ള് സൂക്ഷിച്ച് ടോഡി പാർലർ എന്ന ആധുനികരീതിയിൽ വിതരണംചെയ്യാൻ തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: എയർപോർട്ടിന്റെ ചുമതല നമുക്കല്ലാത്തതുകൊണ്ടും കേന്ദ്ര ഗവൺമെൻറിന്റെ നയത്തിൽ അൽപം വ്യത്യാസമുള്ളതുകൊണ്ടും ഇതിനെപ്പറ്റി ആലോചിക്കാൻ കഴിയുമെന്നു തോന്നുന്നില്ല.

ശ്രീ. എൻ. ദാസ്കരൻ നായർ: തെങ്ങിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന കള്ള് എത്രയാണെന്നും അതല്ലാതെ ഉൽപ്പാദിപ്പിക്കുന്ന കള്ള് എത്രയാണെന്നും വല്ല കണക്കുമുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതു കണക്കാക്കാമെങ്കിൽ ഒരു തെങ്ങിൽനിന്ന് ഒന്നര ലിറ്റർ കള്ള്, കരിമ്പനയിൽനിന്ന് നാലര ലിറ്ററും ചൂണ്ടപ്പനയിൽനിന്ന് ആറേമുക്കാൽ ലിറ്ററും കിട്ടുന്നു. 12639 ചൂണ്ടപ്പനയും 16119 കരിമ്പനയും 140149 തെങ്ങും പ്രത്തുന്നു. ഇതു വച്ചു കണക്കാക്കിയാൽ ഉത്തരം കിട്ടും.

ശ്രീ. സേവ്യർ അറയ്ക്കൽ: കള്ളിന്റെ മണം മാറ്റാൻ വിദഗ്ധൻമാർ നിർദ്ദേശിച്ചിട്ടുണ്ടെന്നു കേൾക്കുന്നു. ഈ മണം എടുത്തു കളയാനുള്ള ആ നിർദ്ദേശം സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മണം എടുത്തുകളഞ്ഞാൽ ഗുണം കുറയുമെന്നാണ് പറയപ്പെടുന്നത്.

ശ്രീ. എൻ. ദാസ്കരൻ നായർ: തെങ്ങും പനയും അല്ലാതെ മറ്റു വിധത്തിൽ കള്ള് ഉൽപ്പാദിപ്പിക്കുന്നു എന്നുള്ളവിവരം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇല്ല സർ, ഗവൺമെൻറിനു ബോദ്ധ്യമില്ല.

ശ്രീ. ഒ. ലൂക്കോസ്: ഒരു നാലംഗകമ്മിറ്റിയെ വച്ചിട്ടുണ്ടെന്നു പറഞ്ഞു. ആരൊക്കെയാണ് കമ്മിറ്റി അംഗങ്ങൾ. കള്ളുമായി ശരിക്കു ബന്ധമുള്ള, അതിനെപ്പറ്റി വിവരമുള്ള ആളുകളാണോ കമ്മിറ്റിയിലുള്ളത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: കമ്മിറ്റി ഇപ്പോൾ നിലവിലില്ല. കമ്മിറ്റിയിൽ ഉണ്ടായിരുന്നവർ താഴെ പറയുന്നവരാണ്.

Dr. P.K. Joseph, Director, Industrial Testing Research; Shri Sreemulanathan, Senior Scientific Officer; Shri K.P. Prabhakaran, President, പെത്തുതൊഴിലാളി സഹകരണ സംഘം, Revenue Board-ന്റെ ഒരു പ്രതിനിധി.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ആദ്യം പറഞ്ഞത് കമ്മിറ്റി റിപ്പോർട്ട് ഗവൺമെൻറ് പരിശോധിച്ചു വേണ്ടതു ചെയ്യുമെന്നാണ്. ഇപ്പോൾ കമ്മിറ്റി നിലവിലില്ല. ഇടക്കാല റിപ്പോർട്ടേ കിട്ടിയിട്ടുള്ളൂ എന്നു പറയുന്നു. പിന്നെ എങ്ങനെയാണ് അവരുടെ റിപ്പോർട്ട് വരുത്തി പരിശോധിക്കുന്നത്.

ശ്രീ. കെ. നാരായണക്കുറുപ്പ്: കമ്മിറ്റി അന്തിമറിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്; ഗവൺമെൻറിന്റെ മുമ്പിൽ എത്തിയിട്ടില്ല. അതു പരിശോധിച്ചിട്ടില്ല.

ശ്രീ. വി. ജെ. ജോസഫ്: കള്ളിൽ മായംചേർക്കാൻ ഉപയോഗിക്കുന്ന കുമ്പളങ്ങ ആരോഗ്യത്തിനു ഹാനികരമാണെന്നു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു കർശനമായി തടയാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കുമ്പളങ്ങാകള്ള് ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുമ്പളങ്ങാ മാത്രം ചേർത്താൽ ആയുർവ്വേദവിധി പ്രകാരം നല്ലതായിരിക്കും; മറ്റു പലതും ചേർക്കാതിരുന്നാൽ മതി.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ചാർജ്ജ് നിരക്ക്

* 633 [690] ശ്രീ. കെ.എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാസ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വക ബസ്സുകളിൽ ചാർജ്ജ് നിരക്ക് നിജപ്പെടുത്തിയിരിക്കുന്നതു എന്തടിസ്ഥാനത്തിലാണ്;

(ബി) പ്രധാന റൂട്ടുകളിൽ ദൂരം വിവിധ സ്റ്റേറ്റുകളായി തിരിക്കുകയും ഒരു സ്റ്റേറ്റിന്റെ ദൂരത്തിന് നിരക്ക് നിജപ്പെടുത്തുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ഇന്നത്തെ സംവിധാനത്തിലെ അപാകതകൾ ഒഴിവാക്കുവാൻ ഈ നടപടി ഉപകരിക്കുമോയെന്ന് പരിശോധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly